## 912

മറന്നുപോകാതെ നീ മനമേ! ജീവൻ
പറന്നുപോകും വേഗം ജഡം മണ്ണായിടുമേ

1 പിറന്നനേരം മുതൽ നിന്നെ എപ്പോൾ മറിച്ചിടാമോയെന്നു
മരണം നിൽക്കുന്നേ കുറഞ്ഞൊന്നു താമസമെന്യേ നിന്നെ
മറുലോകത്താക്കിടുവാനൊരുങ്ങുന്നേ-

2 ശക്തി സുഖം ധനം എല്ലാം സർവ്വശക്തൻ നിന്നെ വിളിച്ചിടുന്ന കാലം
മാത്രനേരം ജപം ചൊല്ലാൻ-കൂടെ ചേർത്തിടുമോ ഇല്ല ഇല്ല ഇതെല്ലാം-

3 മൃത്യു വന്നിടുന്ന കാലം-ബാല്യവൃദ്ധതയൗവ്വനം ഏതുകാലത്തോ
രാത്രിയിലോ പകൽ താനോ എന്തോ മർത്യരറിയുന്നില്ലന്ത്യകാലത്തെ-

4 വീട്ടിൽവച്ചോ കാട്ടിൽവച്ചോ അതികോഷ്ഠമുള്ള സമുദ്രത്തിങ്കൽ വച്ചോ
കട്ടിൽകിടക്കയിൽ വച്ചോ-മൃത്യു വെട്ടുവാൻ മൂർച്ച കൂട്ടുന്നെങ്ങുവച്ചോ-

5 രോഗം ക്ഷാമം ശണ്ഠകൊണ്ടോ വിഷനാഗം ദുഷ്ടമൃഗം മിന്നിടകൊണ്ടോ
വേറെ വിപത്തുകൾകൊണ്ടോ ജീവൻ
മാറും കായം മണ്ണായ്ത്തീരും നീ കണ്ടോ!-

6 ഇപ്പോഴൊരുങ്ങേണം നെഞ്ചേ ഇനി പിൽപാടാകട്ടെന്നു
വയ്ക്കാതെ നെഞ്ചേ! ചിൽപ്പരന്നേൽപ്പിക്ക നിന്നെ എന്നാൽ
സ്വർപ്പുരത്തിൽ എന്നും വാണിടാം പിന്നെ- M.V.